**_SUPPLYCO_**

Kerala State Civil Supplies Corporation Ltd.

Maveli Bhavan, Gandhi Nagar, Kochi -682020.

Ph:, 0484 2207927, 9447012544

NFSA 1-2438/2021 Dated : 25/02/2021

## നോട്ടീസ്

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം (NFSA) നടപ്പിലാക്കുന്നതിനായി മതിയായ ഗോഡൗൺ സൗകര്യം ലഭ്യമായിട്ടില്ലാത്ത താഴെ പറയുന്ന ഡിപ്പോകളിലേക്ക് സപ്ലൈകോ മാനദണ്ഡങ്ങൾ പാലിച്ച് ശാസ്ത്രീയമായ ഗോഡൗണുകൾ ദീർഘകാല കരാർ വ്യവസ്ഥയിൽ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതിനു താൽപ്പര്യമുള്ള സ്വകാര്യ വ്യക്തികളിൽ നിന്ന് (സ്ഥാപനങ്ങളിൽ നിന്ന്) അപേക്ഷ ക്ഷണിക്കുന്നു. ഗോഡൗണിന്റെ വിസ്തീർണ്ണം 20000 ച.അടി മുതൽ 30000 ച.അടി വരെയും ഓഫീസിന്റെ വിസ്തീർണ്ണം 1000 ച.അടി മുതൽ 1500 ച.അടി വരെയും ആയിരിക്കണം. ഗോഡൗൺ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം 1.5 ഏക്കറെങ്കിലുമുണ്ടായിരിക്കണം. പ്രസ്തുത സ്ഥലം നിരപ്പായ പുരയിടവും 10 മീറ്റർ വീതിയെങ്കിലുമുള്ള റോഡിന്റെ വശത്തുമായിരിക്കണം. പറക്കോട് ഡിപ്പോ, കൊച്ചി ഡിപ്പോ, ആലപ്പുഴ ഡിപ്പോ, ചേർത്തല ഡിപ്പോ, ചാവക്കാട് ഡിപ്പോ, (ചാവക്കാട് താലൂക്ക് മാത്രം) കാഞ്ഞിരപ്പള്ളി ഡിപ്പോ (പീരുമേട് താലൂക്ക് മാത്രം), കാഞ്ഞങ്ങാട് ഡിപ്പോ (വെള്ളരിക്കുണ്ട് താലൂക്ക് മാത്രം) എന്നീ ഡിപ്പോ/താലൂക്കുകൾക്ക് വേണ്ടി മാത്രമാണ് ഈ താൽപ്പര്യപത്രം ക്ഷണിച്ചിട്ടുള്ളത്.

കൂടുതൽ വിവരങ്ങൾ ബന്ധപ്പെട്ട സപ്ലൈകോ ഡിപ്പോ ഓഫീസിൽ നിന്ന്/സപ്ലൈകോ വെബ് സൈറ്റിൽ നിന്ന്/സപ്ലൈകോ കേന്ദ്രകാര്യാലയത്തിൽ നിന്ന്/മേഖലാ ഓഫീസുകളിൽ നിന്ന് ലഭ്യമാണ്. താൽപര്യപത്രം സമർപ്പിക്കേണ്ട അവസാന തീയതി 26/03/2021 വൈകുന്നേരം 5 മണി, സപ്ലൈകോ കേന്ദ്രകാര്യാലയം, (കൊച്ചി) മാവേലി ഭവൻ, ഗാന്ധിനഗർ കൊച്ചി–682020.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ

**_SUPPLYCO_**

The Kerala State Civil Supplies Corporation Ltd.

Maveli Bhavan, Gandhi Nagar, Kochi -682020.

Ph: 0484 2207927, 9447012544.

ഇ–മെയിൽ – managernfsa@supplycomail.com

URL : www.supplycokerala.com

NFSA 1- 2438/2021 Dated 25/02/2021

**താൽപ്പര്യപത്രം ക്ഷണിക്കുന്നു**

സപ്ലൈകോയുടെ ആവശ്യത്തിനായി 20,000 – 30,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഗോഡൗണുകൾ ദീർഘകാല വാടകയ്ക്ക് നൽകുന്നതിന്/ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതിനു വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് താൽപ്പര്യപത്രം ക്ഷണിക്കുന്നു. ഗോഡൗണിനൊപ്പം 1000 ചതുരശ്ര അടി മുതൽ 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണത്തിൽ ഓഫീസ് സൗകര്യവും ലഭ്യമാക്കണം.

**അവസാന തീയതി : 26/03/2021–ന്**

കൂടുതൽ വിവരങ്ങൾക്ക് സപ്ലൈകോ ഹെഡ് ഓഫീസിൽ നിന്ന്/സപ്ലൈകോ വെബ് സൈറ്റിൽ നിന്ന് ലഭ്യമാണ്.

മാനേജർ (NFSA)

# 1. ആമുഖം

## 1.1 ഉദ്ദേശ്യലക്ഷ്യങ്ങൾ

സപ്ലൈകോയുടെ ഉപയോഗത്തിനായി 20,000 ച.അടി മുതൽ 30,000 ച.അടി വരെ വിസ്തീർണ്ണമുള്ള ഗോഡൗണുകളും 1,000 ച. അടി മുതൽ 1,500 ച. അടി വരെ വിസ്തീർണ്ണമുള്ള ഓഫീസ് സൗകര്യവും ദീർഘകാല കരാറിൽ വാടകയ്ക്ക് നൽകുവാൻ താൽപ്പര്യമുള്ളവരിൽ നിന്ന് വാടക നിരക്ക് രേഖപ്പെടുത്തിയ അപേക്ഷ ക്ഷണിയ്ക്കുന്നു. കെട്ടിടം നിർമ്മിച്ചു നൽകുവാൻ തയ്യാറുള്ള സ്ഥലമുടമകൾക്കും നിരക്ക് സമർപ്പിക്കാവുന്നതാണ്. ഒരു താലൂക്കിൽ ഒരു പി.ഡി.എസ് ഡിപ്പോ എന്ന കാഴ്ചപ്പാടിൽ, ഒരു താലൂക്കിന്റെ രണ്ടു മാസത്തെ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ വിഹിതം മുഴുവൻ സംഭരിച്ച് വിതരണം നടത്തുന്നതിന് പര്യാപ്തമായ ഗോഡൗണും ഓഫീസുമാണ് ലഭ്യമാക്കേണ്ടത്. താൽപ്പര്യമുള്ളവർക്ക് ഇതുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സപ്ലൈകോ വെബ്സൈറ്റിൽ നിന്ന് ലഭ്യമാവുന്നതാണ്.

ഗവൺമെന്റ് സ്ഥാപനങ്ങൾ, കോപ്പറേറ്റീവ് സൊസൈറ്റികൾ, പൊതുമേഖല സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഇതിൽ പങ്കെടുക്കാവുന്നതാണ്.

## 1.2 താൽപ്പര്യ പത്രത്തിന്റെ സമയപ്പട്ടിക.

| | | |
|---|---|---|
| 1. നമ്പറും തീയതിയും | : | NFSA1-2438/2021, തീയതി : 25/02/2021 |
| 2. താൽപ്പര്യ പത്രം സമർപ്പിക്കേണ്ട അവസാന തീയതി. | : | 26/03/2021<br>സപ്ലൈകോ ഹെഡ് ഓഫീസിൽ |
| 4.സങ്കേതിക പ്രതിപാദനത്തിന് ക്ഷണിക്കുന്ന തീയതി | : | |
| 5. അന്വേഷണങ്ങൾക്ക് ബന്ധപ്പെടേണ്ട വ്യക്തി. | : | അസിസ്റ്റന്റ് മാനേജർ (NFSA)<br>ഫോൺ–0484–2207927, 9447012544 |

# 2. പദ്ധതി അവലോകനം.

## 2.1 പദ്ധതിയുടെ ആവശ്യകതയും ലക്ഷ്യവും.

ഭക്ഷ്യഭദ്രതാ നിയമം 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാതിൽപ്പടി വിതരണം നടത്തുന്നതിനുള്ള ചുമതല ഗവൺമെന്റ് സപ്ലൈകോയ്ക്ക് നൽകിയിരിക്കുകയാണ്. ഇതിനായി എല്ലാ താലൂക്കുകളിലും പി.ഡി.എസ് ഡിപ്പോ തുടങ്ങിയിട്ടുണ്ട്. എന്നാൽ മിക്കവാറും എല്ലാ താലൂക്കുകളിലും ഇതിനാവശ്യമായ ഗോഡൗണും ഓഫീസും ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങളും ലഭ്യമല്ല.

വാതിൽപ്പടി വിതരണം സുഗമവും കാര്യക്ഷമമായി നടക്കുന്നതിന് ഒരു കോമ്പൗണ്ടിൽ ശാസ്ത്രീയമായി പണികഴിപ്പിച്ച ഗോഡൗണും അനുബന്ധ സൗകര്യങ്ങളും കണ്ടെത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## 2.2 NFSA ഗോഡൗണിന്റെയും ഓഫീസിന്റെയും ആവശ്യകതകൾ

1. ഗോഡൗണിന്റെ വിസ്തീർണ്ണം 20,000 ച.അടി മുതൽ 30,000 ച.അടി വരെയും, ഓഫീസിന്റെ വിസ്തീർണ്ണം 1,000 ച.അടി മുതൽ 1,500 ച.അടി വരെയും ആയിരിക്കും.
2. ഗോഡൗൺ സ്ഥിതി ചെയ്യുന്ന സ്ഥലം ഒന്നര ഏക്കർ എങ്കിലും ഉണ്ടായിരിക്കണം.
3. സ്ഥലം ബാദ്ധ്യതയില്ലാത്ത പുരയിടവും 10 മീറ്റർ എങ്കിലും വീതിയുള്ള റോഡിന്റെ വശത്തുമായിരിക്കണം.
4. സ്ഥലം നിരപ്പായതും റോഡ് നിരപ്പിൽ നിന്നും അധികം ഉയരത്തിലോ താഴ്ചയിലോ ആകാൻപാടില്ലാത്തതുമാണ്.
5. സ്ഥലം വെള്ളം കെട്ടികിടക്കുന്നതോ വെള്ളപ്പൊക്കമുണ്ടാകുന്നതോ ആയ പ്രദേശത്ത് ആയിരിക്കരുത്.
6. ഗോഡൗൺ ദീർഘ ചതുരാകൃതിയിലുള്ളതും വശങ്ങളിൽകൂടി ലോറികൾ അനായാസം കടന്നു പോകുന്നതിനുള്ള സ്ഥല സൗകര്യം ഉള്ളതുമായിരിക്കണം.
7. കയറ്റിറക്ക് നടക്കുന്ന പോയിന്റുകൾ തമ്മിലുള്ള അകലം 20 മീറ്ററിൽ കൂടാൻ പാടില്ല.
8. കയറ്റിറക്ക് നടക്കുന്നതിന് കുറഞ്ഞത് 3 വീതം പോയിന്റുകൾ ഉണ്ടായിക്കേണ്ടതും മുകൾഭാഗം മറച്ചതുമായിരിക്കണം.
9. സ്റ്റോക്ക് തൂക്കി നോക്കാനായി വെയിംഗ് ബ്രിഡ്ജ് സ്ഥാപിക്കാനുള്ള സ്ഥല സൗകര്യം ഉണ്ടായിരിക്കണം.

**ഗോഡൗണിന് വേണ്ട മറ്റ് സൗകര്യങ്ങൾ.**

1. ഗേറ്റോടു കൂടിയ ചുറ്റുമതിൽ
2. സെക്യൂരിറ്റി ക്യാബിൻ
3. തൊഴിലാളികൾക്കുള്ള വിശ്രമ മുറിയും ശുചിമുറിയും.
4. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ആവശ്യമായ സ്ഥലം.
5. ജീവനക്കാർക്കുള്ള ശുചി മുറി.
6. വെള്ളവും വൈദ്യുതിയും.
7. 15–20 വർഷത്തേക്കുള്ള ദീർഘകാല കരാർ, 3 വർഷത്തിൽ 15 ശതമാനം വർദ്ധനവ്.

**Documents/Specifications required in respect of the bidders who propose to construct Godowns.**

1. Specifications of the proposed Godown should be as detailed in 2.2.
2. Plan of the Godown building should be approved by the competent authority.
3. Approved plan, title deed, encumbrance certificate, possession certificate and tax receipt should be submitted along with the Expression of Interest.
4. The following guidelines should be followed while constructing the godown building.

- Framed structure with isolated footings and columns.
- Below plinth beam random rubble masonry to be provided along outside walls for retaining earth (minimum size 0.45 x 0.45 m)

- RCC work for plinth beam (size 0.23 x 0.40 m)
- Solid block masonry walls (0.23 m thickness)
- Tie beam to be provided
- Rolling shutter (size 2.6 m x 2.6 m)
- Ventilators to be provided with shutters and mesh(size 1.00m x0.60 m)
- Masonry work to be finished with plastering and painting.
- Roofing to be provided with aluminium roofing sheet having 0.65 mm thickness over standard framed steel structure finished with painting.
- Plinth protection to be provided along outside building with proper slope for drain water.
- Lintel beams to be provided over openings.
- All gaps along frames to be covered with fly proof mesh
- Filled earth in basement to be consolidated properly to avoid settlement.
- Concrete flooring within CC 1:2:4 using 20 mm nominal size coarse aggregate (7.5 cm thick) over CC 1:4:8 using 40 mm nominal size coarse aggregate (15 cm thick)
- Flooring should be at a minimum height of 90 cm above ground level.
- Canopy should be provided at loading and unloading points.
- Proper tarred or concrete road with drainage system to be provided around the building.

## 3. താൽപ്പര്യപത്രം സമർപ്പിക്കുന്നതിനുള്ള നിബന്ധനകൾ.

### 3.1 അപേക്ഷ ഫോറം.

അപേക്ഷ ഫോറം സപ്ലൈകോയുടെ വെബ്സൈറ്റ് ആയ www.supplycokerala.com –ൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

### 3.2 നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുള്ള ചെലവുകൾ.

താൽപ്പര്യപത്രം സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കൂടികാഴ്ചകൾ, നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സപ്ലൈകോയിൽ നിന്നും അധികമായി ആവശ്യമായി വരുന്ന വിവരങ്ങൾക്കുള്ള ചിലവുകൾ തുടങ്ങിയവ നിർദ്ദേശകൻ തന്നെ വഹിക്കേണ്ടതാണ്.

താൽപ്പര്യപത്രം സമർപ്പിച്ചു എന്നതിനാൽ സപ്ലൈകോയ്ക്കോ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിനോ നിർദ്ദേശകന് കരാർ നൽകേണ്ടതോ ചർച്ചയ്ക്ക് വയ്ക്കേണ്ടതോ ആയ ബാദ്ധ്യതകൾ ഒന്നും ഇല്ല. താൽപ്പര്യ പത്രം സമർപ്പിക്കുന്നതിന് ചെലവായ തുക തിരിച്ച് കിട്ടുന്നതല്ല. ഇതിനായി സമർപ്പിച്ച രേഖകൾ എല്ലാം സപ്ലൈകോയുടെതായിരിക്കുകയും തിരിച്ച് നൽകുന്നതിനുള്ള വിവേചനാധികാരം സപ്ലൈകോയിൽ നിക്ഷിപ്തമായിരിക്കുകയും ചെയ്യും.

### 3.3 വൈകി ലഭിക്കുന്ന താൽപ്പര്യപത്രം.

വൈകി ലഭിക്കുന്ന താൽപ്പര്യപത്രം സ്വീകരിക്കുന്നതല്ല.

ടെലക്സ് / ടെലഗ്രാം / ഫാക്സ് / ഇ– മെയിൽ തുടങ്ങിയവ മുഖേന നൽകുന്ന താൽപ്പര്യപത്രം പരിഗണിക്കുകയോ ഇതിന്മേൽ യാതാരുവിധ കത്തിടപാടുകളും നടത്തുകയും ചെയ്യുന്നതല്ല.

സപ്ലൈകോ തപാൽ വൈകിയതിലോ ലഭിക്കാത്തതിലോ ഉത്തരവാദിയായിരിക്കുകയോ ഇക്കാര്യത്തിൽ കത്തിടപാടുകൾ നടത്തുകയോ ചെയ്യുന്നതല്ല.

അടിയന്തിര സാഹചര്യത്തിൽ മേൽപ്പറഞ്ഞ നിബന്ധനകൾ പരിഷ്കരിക്കുന്നതിനോ തിരുത്തുന്നതിനോ ഉള്ള പൂർണ്ണമായ അധികാരം സപ്ലൈകോയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

### 3.4 താൽപ്പര്യപത്രം സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നതിന് സപ്ലൈകോയ്ക്ക് ഉള്ള അധികാരം.

പ്രത്യേക സാഹചര്യത്തിൽ സപ്ലൈകോയ്ക്ക് അതിന്റെ വിവേചനാധികാരം ഉപയോഗിച്ച് താൽപ്പര്യ പത്രം സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ആയത് നിർദ്ദേശകനെ ശുദ്ധി പത്രം (കൊറിജണ്ടം) മുഖേനയോ നേരിട്ടോ അറിയിക്കുന്നതായിരിക്കും.

### 3.5 സപ്ലൈകോയ്ക്ക് ഈ പദ്ധതി നിർത്താലാക്കുന്നതിനുള്ള അധികാരം.

ഈ പദ്ധതി ഏതു സമയത്തും എന്ത് കാരണം കൊണ്ടും നിർത്തലാക്കുന്നതിനുള്ള അധികാരം സപ്ലൈകോയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

**3.6 താൽപ്പര്യ പത്രം സമർപ്പിക്കുന്നത്.**

താഴെ പറയുന്ന രേഖകൾ താൽപ്പര്യ പത്രം സമർപ്പിക്കുന്നതിനൊപ്പം വേണ്ടതാകുന്നു.

1. താൽപ്പര്യ പത്രം അടങ്ങിയ കത്ത്.
2. നിർദ്ദേശകന്റെ രൂപ രേഖ(പ്രൊഫൈൽ)
3. വസ്തു വകകളുടെ വിശദാംശങ്ങൾ

## 4. അനുബന്ധം.

### 4.1 താൽപ്പര്യപത്രം അടങ്ങിയ കത്ത്

സ്വീകർത്താവ്,

മാനേജർ (NFSA)
സപ്ലൈകോ ഹെഡ് ഓഫീസ്.
മാവേലി ഭവൻ, മാവേലി റോഡ്,
ഗാന്ധിനഗർ, എറണാകുളം,
കൊച്ചി – 682020.

സർ,

വിഷയം : ഭക്ഷ്യഭദ്രതാ നിയമം 2013 – പി.ഡി.എസ് ഡിപ്പോ ഗോഡൗൺ – താൽപ്പര്യ പത്രം സമർപ്പിക്കുന്നത് – സംബന്ധിച്ച്.

സൂചന : 29/01/2021 ം തിയ്യതിയിലെ NFSA1-2438/21 പ്രകാരം താൽപര്യപത്രം ക്ഷണിച്ചത് സംബന്ധിച്ച്.

-----------

താഴെ ഒപ്പിട്ടിരിക്കുന്ന ഞങ്ങൾ സപ്ലൈകോയുടെ പി.ഡി.എസ്/ ഡിപ്പോ ഗോഡൗണിനായി താൽപ്പര്യ പത്രം സമർപ്പിക്കുന്നു. മേൽ നൽകിയിരിക്കുന്ന എല്ലാ വിവരങ്ങളും പ്രസ്താവനകളും ശരിയാണെന്നും തെറ്റായ വിവരങ്ങൾ നൽകുന്നത് ഞങ്ങളെ അയോഗ്യരാക്കുമെന്നും ബോധ്യപ്പെട്ടിരിക്കുന്നു.

ഞങ്ങൾ പാപ്പരല്ലെന്നും ഞങ്ങളുടെ വ്യവസായം റിസീവർ ഭരണത്തിലോ, കോടതി ഇടപെടലിലോ, സസ്പെന്റ് ചെയ്യപ്പെട്ടതോ അല്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഈ താൽപ്പര്യ പത്രം സ്വീകരിക്കുവാൻ സപ്ലൈകോ ബാധ്യസ്ഥരല്ലെന്ന കാര്യം ഞങ്ങൾക്കറിയാവുന്നതാണ്.

വിശ്വസ്തതയോടെ,
ഒപ്പ് :
പേര് :
വിലാസം:

**സ്ഥലം :**
**തിയ്യതി :**

## 4.2 നിർദ്ദേശകന്റെ രൂപരേഖ(പ്രൊഫൈൽ)

**വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേര്** :
(തിരിച്ചറിയലിന്റെയും വിലാസത്തിന്റെയും
തെളിവ് ഉള്ളടക്കം ചെയ്യുക)

**വിലാസം** :

**ടെലിഫോൺ നമ്പർ** 1 :
2 :

**ഇ–മെയിൽ** 1 :
2 :

**കത്തിടപാടിനുള്ള വിലാസം** :
(മേലെയുള്ള വിലാസത്തിൽ വ്യത്യാസമുണ്ടെങ്കിൽ
വിലാസത്തിന്റെ തെളിവ് ഉള്ളടക്കം ചെയ്യേണ്ടതാണ്)

നോട്ട് : 1) ഒന്നിൽ കൂടുതൽ വ്യക്തികൾ ആണ് ഉടമകളെങ്കിൽ രൂപരേഖ സമർപ്പിക്കാൻ ചുമതലപ്പെടുത്തിക്കൊണ്ടുള്ള മറ്റ് ഉടമകളുടെ സമ്മതപത്രം.

2) വസ്തു/ഗോഡൗൺ സ്ഥാപനം/ട്രസ്റ്റ് എന്നിവയുടെ ഉടമസ്ഥതയിലാണെങ്കിൽ താൽപര്യപത്രം സമർപ്പിക്കുവാൻ അപേക്ഷകനെ അധികാരപ്പെടുത്തിക്കൊണ്ടുള്ള സ്ഥാപന/ട്രസ്റ്റിന്റെ സാക്ഷ്യപത്രം.

## 4.3 വസ്തു വകകളുടെ വിശദാംശങ്ങൾ.

### A ഗോഡൗൺ ഉടമകൾ

വീട്ടു നമ്പർ :
വില്ലേജ് :
താലൂക്ക് :
ജില്ല :
ഗോഡൗണിന്റെ വിസ്തീർണ്ണം (ച.അടിയിൽ) :
ഓഫീസിന്റെ വിസ്തീർണ്ണം(ച.അടിയിൽ) :
പ്രതീക്ഷിക്കുന്ന വാടക (ച.അടിക്ക്) :

ഉള്ളടക്കം ചെയ്യേണ്ട രേഖകൾ :

a. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ –ൽ നിന്ന്)
b. കൈവശാവകാശ സർട്ടിഫിക്കറ്റ്
c. ഈ കെട്ടിടം 2.2 ൽ ഉള്ള നിർദ്ദേശങ്ങളനുസരിച്ച് തൃപ്തികരമാണ് എന്ന സത്യവാങ്മൂലം.

**B** <u>വസ്തു ഉടമകൾ</u>

സർവ്വേ നമ്പർ :
വസ്തുവിന്റെ വിസ്തീർണ്ണം :
വില്ലേജ് :
താലൂക്ക് :
ജില്ല :
പ്രതീക്ഷിക്കുന്ന വാടക (ച.അടിയ്ക്ക്) :

ഉള്ളടക്കം ചെയ്യേണ്ട രേഖകൾ

a ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള പ്ലാനിന്റെ പകർപ്പ് (ഉണ്ടെങ്കിൽ)
b ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്
c ലോക്കേഷൻ സ്കെച്ച്
d ആധാരത്തിന്റെ പകർപ്പ്
e ബാധ്യതാ സർട്ടിഫിക്കറ്റ്
f കരമടച്ച രസീത്
g നിർദ്ദേശങ്ങളനുസരിച്ച് കരാർ ഒപ്പിട്ട് മൂന്നു മാസത്തിനുള്ളിൽ ഗോഡൗൺ നിർമ്മിച്ചു നൽകാമെന്ന സമ്മതപത്രം

4.4 താൽപര്യപത്രം പരിഗണിക്കുന്നത് സംബന്ധിച്ച് കെട്ടിടയുടമ/സ്ഥലമുടമ സമർപ്പിക്കുന്ന താൽപര്യപത്രവും രേഖകളും പരിശോധിച്ച് ടി കെട്ടിടം/സ്ഥലത്തിന്റെ സ്ഥാനം, സപ്ലൈകോ ആവശ്യപ്പെടുന്ന വാടക, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ കണക്കിലെടുത്ത് സിവിൽ സപ്ലൈസ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താൽപര്യപത്രം സ്വീകരിക്കുവാനോ, നിരസിക്കാനോ സപ്ലൈകോയ്ക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്. പ്രാഥമിക/അന്തിമ റൗണ്ടിൽ തെരഞ്ഞെടുക്കപ്പെട്ട താൽപര്യപത്രം നൽകിയിട്ടുള്ള വ്യക്തികളുടെ/സ്ഥാപനങ്ങളുടെ വിവരങ്ങൾ സപ്ലൈകോ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതും, ഇ–മെയിൽ മുഖേന വ്യക്തികളെ അറിയിക്കുന്നതുമായിരിക്കും.

തീയതി : ഒപ്പ്
സ്ഥലം : പേര്
വിലാസം